**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കോഴിക്കോട് കൊയിലാണ്ടി നഗരസഭ കുടിവെള്ള വിതരണത്തിന് അധികമായി ചെലവായ തുക തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1427/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/07/2020

---

പരാമർശം:- 1 21/03/2018 തീയതിയിലെ സ.ഉ.(സാധാ) നം.754/2018/തസ്വഭവ ഉത്തരവ്

2 കൊയിലാണ്ടി നഗരസഭ സെക്രട്ടറിയുടെ 4/6/2019 ലെ H1-15306/17 നമ്പർ കത്ത്.

3 നഗരകാര്യ ഡയറക്ടറുടെ 23/03/2020 ലെ നം.ഡി.സി3 - 21135/19 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് കൊയിലാണ്ടി നഗരസഭയിൽ 2018-19 വാർഷിക പദ്ധതിയായി കുടിവെള്ള വിതരണം ടാങ്കറിൽ (പ്രൊജക്ട് നമ്പർ SO-062/18) ഇ-ടെണ്ടർ വിളിക്കുകയും ശ്രീ.ചെട്ട്യാട്ടിൽ സത്യൻ എന്നവരുടെ ടെണ്ടർ സ്വീകരിച്ച് 16.03.2018 തീയതി മുതൽ 29.05.2018 വരെ 8502000 ലിറ്റർ കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള ആകെ അടങ്കൽ തുകയായ 15 ലക്ഷം രൂപയും, സർക്കാരിന്റെ പരാമർശം 1 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അധികമായി വിനിയോഗിക്കാവുന്ന 1,50,000/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. കരാറുകാരന് ബാക്കി നൽകുവാനുള്ള തുകയായ 41,898/- രൂപ കൊയിലാണ്ടി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് കൊയിലാണ്ടി നഗരസഭ സെക്രട്ടറി പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം 3 പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് കൊയിലാണ്ടി നഗരസഭയിൽ കുടിവെള്ള വിതരണത്തിന് സർക്കാർ ഉത്തരവിൽ നിന്നും അധികരിച്ച് ചെലവായ 41,898/- രൂപ(നാല്പ്പത്തിഒന്നായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ) കൊയിലാണ്ടി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും കരാറുകാരന് ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ

കൊയിലാണ്ടി നഗരസഭ സെക്രട്ടറി

കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം.(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സിന്

Signature Not Verified

Digitally signed by S BINDU
Date: 2020.08.03 11:50:20 IST
Reason: Approved